

# മാരാങ്കോട്
# സെന്റ് ജോസഫ്സ് ഇടവക

ചാലക്കുടിയിൽ നിന്ന് കിലോമീറ്ററുകൾക്കപ്പുറം കിഴക്കു ഭാഗത്തായി കോടശ്ശേരി മലയുടെ മടിത്തട്ടിൽ മാരാങ്കോട് എന്ന ഗ്രാമത്തിലാണ് സെന്റ് ജോസഫ് ദേവാലയം. ഈ പ്രദേശത്ത് പാട്ടവ്യവസ്ഥയിൽ കൃഷിചെയ്യാൻ കടന്നുവന്ന് സ്ഥിരവാസമാക്കിയ അദ്ധ്വാനശീലരും കർഷകരുമായ കത്തോലിക്കരുടെ പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു, അവരുടെ വിശ്വാസ പരിപോഷണത്തിനായുള്ള ദേവാലയം.

ആദ്യകാലങ്ങളിൽ ഇവർക്ക് ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പരിയാരത്തും അതിനുശേഷം കുറ്റിക്കാട്ടുമുള്ള പള്ളികളെ സമീപിക്കേണ്ടിയിരുന്നു. അങ്ങനെയിരിക്കെ മാരാങ്കോട്, ചട്ടിക്കുളം, കൂർക്കമറ്റം പ്രദേശങ്ങളിൽ താമസക്കാരായ കത്തോലിക്കർക്ക് സ്വന്തമായി ഒരു ദേവാലയം എന്ന ആഗ്രഹം വർദ്ധിച്ചു. എങ്കിലും സ്ഥലസൗകര്യം കിട്ടാതിരുന്നതിനാൽ ഉടനെ പ്രായോഗികമായില്ല. എന്നാൽ, 1961-ൽ ശ്രീ. മാളക്കാരൻ ഇട്ടീര ഔസേപ്പ് ദാനമായി നല്കിയ 3 സെന്റ് സ്ഥലത്ത് (ഇപ്പോഴത്തെ പള്ളിയുടെ തൊട്ടടുത്ത്) തൃശ്ശൂർ രൂപത കച്ചേരിയിൽ നിന്നുള്ള അനുമതിയോടെ വി. തോമാശ്ലീഹായുടെ നാമധേയത്തിൽ ഒരു കപ്പേള നിർമ്മിച്ച് വെഞ്ചിരിച്ചു. ഇവിടത്തെ കത്തോലിക്കരുടെ വിശ്വാസജീവിതത്തിന് സഹായകരമായ ഈ കപ്പേള ഇപ്പോഴത്തെ പള്ളിയുടെ അടിസ്ഥാനമായിത്തീർന്നു. പിന്നീട് 1962-ൽ ഒരു ദേവാലയം പണിയുന്നതിനുവേണ്ടി അന്നത്തെ കുറ്റിക്കാട് പള്ളിയിലെ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ നടത്തിയ ശ്രമവും 1968-ലെ ഉദ്യമവും വിജയപ്രദമായില്ല. 1968-ൽ റിസർവ്വ് വനത്തിൽ നാട്ടിയ കുരിശ് ഇന്നും നിലനില്ക്കുന്നുണ്ട്.

1976-ൽ പള്ളി പണിയുന്നതിനെപ്പറ്റി ആലോചന വീണ്ടും ഉയർന്നു. ഇക്കാര്യത്തിനുവേണ്ടി വടക്കുഞ്ചേരി തരീത് ദേവസിക്കുട്ടി സ്വന്തം വീട് പൊളിച്ചുനീക്കി പള്ളിക്ക് സ്ഥലം തരാമെന്ന് സമ്മതിച്ചു. അതിനോട് ചേർന്നുള്ള സ്ഥലങ്ങൾ തരാമെന്ന് പല വ്യക്തികളും സമ്മതിച്ചുവെങ്കിലും പട്ടയം ഇല്ലാതിരുന്ന പ്രസ്തുത സ്ഥലങ്ങളിൽ പള്ളി പണിയുന്നതിന് പ്രതിസന്ധി ഉളവാകുമെന്നതിനാൽ രൂപതാധികാരികൾ അതിന് അനുകൂലമായിരുന്നില്ല. ഈയവസരത്തിലാണ് ഇവിടത്തെ വിശ്വാസികൾക്ക് ധൈര്യവും ഉത്തേജനവും പകർന്നുകൊണ്ട് കുറ്റിക്കാട് നിവാസി

കളായ പരിയാടൻ കുരിയപ്പൻ ചാക്കുവും പരിയാടൻ ഔസേപ്പ് കൊച്ചുമാത്തുവും കടന്നുവന്നത്. അതോടൊപ്പം കുറ്റിക്കാട് പള്ളി വികാരിയായിരുന്ന ബഹു. ആന്റണി ആലപ്പാട്ട് അച്ചന്റെയും അസി. വികാരി ബഹു. ആന്റോ തച്ചിലച്ചന്റെയും പൂർണ്ണപിന്തുണ മാരാങ്കോട് പള്ളി പണിയുന്നതിന് ഉണ്ടായിരുന്നു.

3.3.1978-ൽ തൃശ്ശൂർ രൂപതാകച്ചേരിയിൽ നിന്നുള്ള 578/78 കല്പനപ്രകാരം പള്ളിക്കുവേണ്ടി സ്ഥലം ഒരുക്കുന്നതിന് അനുമതി ലഭിച്ചു. ഈസ്ഥലത്തിന് (ഇപ്പോൾ പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം) 1978 ആഗസ്റ്റ് 26-ാം തിയ്യതി സർക്കാർ പട്ടയം ലഭിച്ചതിനെത്തുടർന്ന് മേൽനടപടികൾക്കായി ഭൂമി വാഗ്ദാനം ചെയ്തിരുന്നവർ വികാരി ബഹു. ആന്റണി ആലപ്പാട്ട് അച്ചന്റെയും പള്ളി നിർമ്മാണ കമ്മിറ്റി സെക്രട്ടറി കണ്ണൂക്കാടൻ റപ്പായി പൗലോസിന്റെയും പേരിൽ സ്ഥലം പള്ളിക്കുവേണ്ടി ഇഷ്ടദാനമായി തീറെഴുതികൊടുത്തു. സ്ഥലം ദാനം ചെയ്തവർ : 1. പരിയാടൻ ഔസേപ്പ് കൊച്ചുമാത്തു, 2. പരിയാടൻ കൊച്ചുമാത്തു വർഗ്ഗീസ്, 3. കാളൻ ഔസേപ്പ് പൈലോത്, 4. കാച്ചപ്പിള്ളി കുഞ്ഞുവറീത് കുഞ്ഞിപൈലോ, 5. കണ്ണൂക്കാടൻ ലോനപ്പൻ ഔസേപ്പ്, 6. വടക്കുഞ്ചേരി തരീത് ദേവസിക്കുട്ടി, 7. കൂനംപാറയിൽ പീലിപ്പോസ് അപ്പച്ചൻ.

## ദേവാലയം

ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായശേഷം 1.11.1978-ലെ 213/78-ാം നമ്പർ കല്പനപ്രകാരം പള്ളിപണിക്ക് അനുവാദം ലഭിച്ചു. ഈ പള്ളിയോട് ബന്ധപ്പെട്ട 124 കുടുംബങ്ങളുടെ സഹകരണത്തോടുകൂടി പള്ളിയുടെ ശിലാസ്ഥാപന കർമ്മം 1978 നവംബർ 17-ാം തിയ്യതി ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. പള്ളിയുടെ പണികളോടൊപ്പം പള്ളിയുടെ മുമ്പിലായി വി. യൗസേപ്പിതാവിന്റെ കപ്പേളയുടെ നിർമ്മാണവും നടത്തി. പ്രസ്തുത കപ്പേളയുടെ വെഞ്ചിരിപ്പുകർമ്മം 1979 ഏപ്രിൽ 10-ാം തിയ്യതി വികാരി പെ. ബഹു. ജോൺ വാഴപ്പിള്ളി അച്ചൻ നടത്തി.


സെന്റ് തോമസ് കപ്പേള, കൂർക്കമറ്റം

1980-ൽബഹു.ജോബ് ചിറ്റിലപ്പിള്ളിയച്ചൻ കുറ്റിക്കാട് ഫൊറോനാപള്ളിയിൽ വികാരിയായി വന്നശേഷം അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പള്ളിപണി പൂർത്തിയാക്കി. 1981 ജൂലൈ 3-ാം തിയ്യതിയാണ് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് പള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചത്. കുറ്റിക്കാട് ഇടവകയുടെ പരിധിയിൽ പെട്ടിരുന്ന മാരാങ്കോട് സെന്റ് ജോസഫ് കുരിശുപള്ളിയുടെ നടത്തിപ്പുചുമതല സ്വാഭാവികമായി കുറ്റിക്കാട് ഫൊറോന വികാരിയെ ഏല്പിക്കുകയും ചെയ്തു.


പാരിഷ് ഹാൾ

## ഇടവക, സ്ഥിരംവികാരി

1989 ജനുവരി 18 മുതൽ ഇവിടത്തെ കാര്യങ്ങൾ നടത്തിയിരുന്നത് കോടശ്ശേരി പള്ളിവികാരിയായിരുന്ന ബഹു. ആന്റണി മുക്കാട്ടുകരക്കാരൻ അച്ചനായിരുന്നു. DL 2/89-ാം നമ്പ്ര് കല്പനപ്രകാരം 1989 ആഗസ്റ്റ് 15-ാം തിയ്യതി മാരാങ്കോട് സെന്റ് ജോസഫ്സ് പള്ളി ഒരു സ്വതന്ത്ര ഇടവകയായിത്തീർന്നു. ആദ്യകാലങ്ങളിൽ താഴൂർ പള്ളിയിൽ നിന്ന് ഇവിടെ വന്ന് വികാരിയുടെ ചുമതല നിർവ്വഹിച്ചിരുന്ന ബഹു. ആന്റണിയച്ചൻ വൈദിക മന്ദിരം നിർമ്മിച്ചശേഷം 1991 ഒക്ടോബർ 9-ന് ഇദംപ്രഥമമായി ഇവിടെ വൈദികമന്ദിരത്തിൽ സ്ഥിരമായി താമസിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കി.

ബഹു. ഫ്രാൻസിസ് കൊടിയൻ അച്ചന്റെ കാലഘട്ടത്തിൽ പള്ളിയുടെ സ്ഥലപരിമിതി പരിഹരിക്കാൻ വേണ്ടി മദ്ബഹാ പൊളിച്ച് പുറകോട്ട് 36 അടി നീളംകൂട്ടി വിപുലീകരിച്ചു. പിന്നീട് ബഹു. സുരേഷ് പുതുശ്ശേരിയച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ മുൻവശത്ത് പോർട്ടിക്കോ പണിതു. തുടർന്ന് വികാരിയായിവന്ന ബഹു. ഡേവിസ് കൂട്ടാലയച്ചന്റെ ഉത്സാഹത്താൽ നിർമ്മിച്ച കൂർക്കമറ്റം സെന്റ് തോമസ് കപ്പേള 2001 ജൂലൈ 3-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവദിച്ചു. ശ്രീ. പടിഞ്ഞാക്കര വർക്കി ആന്റണിയാണ് ഈ കപ്പേളയ്ക്കുവേണ്ടി സ്ഥലം ദാനംചെയ്തത്. 11 കുടുംബയൂണിറ്റുകളിലായി ആകെ 355 കുടുംബങ്ങളാണ് ഇപ്പോൾ ഈ ഇടവകയിലുള്ളത്. ബഹു. ആൻഡ്രൂസ്

മാളിയേക്കൽ അച്ചന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്നു. രൂപതയിലെ AVARD ന്റെ കീഴിൽ ഏതാനും വർഷമായി ഒരു ഹാച്ചറി ഈ ഇടവകയുടെ പരിധിയിൽ നിലവിലുണ്ട്.



അവാർഡ് (AVARD) ഹാച്ചറി

## ആസരഭവൻ കോൺവെന്റ്

ചാലക്കുടി അവാർഡിൽ സേവനം ചെയ്യുന്ന എഫ്.സി.സി. സിസ്റ്റേഴ്സിന്റെ സൗകര്യാർത്ഥം 1990 മേയ് 3-ന് അവാർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചതാണ് ആസരഭവൻ. ഇത് 2002 മാർച്ച് 3 മുതൽ അൽവേർണിയ പ്രോവിൻസിന്റെ സ്വന്തം ഭവനമായി പ്രവർത്തിക്കുന്നു.


ആസരഭവൻ എഫ്.സി.സി. കോൺവെന്റ്

## ഇടവകപ്രഖ്യാപനത്തിന് മുമ്പുള്ള വികാരിമാർ

### കുറ്റിക്കാട് നിന്ന്

വെരി. റവ. ഫാ. ആന്റണി ആലപ്പാട്ട് (1977-78), റവ. ഫാ. ജോൺ വാഴപ്പിള്ളി (Sr.) (1978-80), റവ. ഫാ. ജോബ് ചിറ്റിലപ്പിള്ളി (1980-84, ദൈവാലയ സ്ഥാപനം), റവ. ഫാ. ജോസഫ് മാളിയേക്കൽ (1984-87), റവ. ഫാ. ജോൺ എടാട്ടുകാരൻ (1987-89), റവ. ഫാ. ജോസ് കാനംകുടം (1989).

### താഴൂരിൽ നിന്ന്

റവ. ഫാ. വർഗ്ഗീസ് കണ്ണമ്പുഴ (1982-85), റവ. ഫാ. വർഗ്ഗീസ് ചാലിശ്ശേരി (1985-86), റവ. ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ (1989) പ്രഥമ വികാരി.